I/235495/2024

DCWYD/2925/2022-L3

ജില്ലാ കളക്ടറുടെ കാര്യാലയം
നോർത്ത് കൽപ്പറ്റ പോസ്റ്റ് - 673122, വയനാട്
E-Mail: dcwayanad@gmail.com
ഫോൺ: 04936 202251, ഫാക്സ്: 04936 203450
തീയതി: 08-05-2024

ജില്ലാ കളക്ടർ,

വയനാട് .

1. ലാൻഡ് റവന്യൂ കമ്മീഷണർ

 തിരുവനന്തപുരം

2. പ്രോജക്ട് ഡയറക്ടർ

 എം യു - കെ ആർ എഫ് ബി

3. ജോയിന്റ് സെക്രട്ടറി

 പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

സർ,

വിഷയം : മലയോര ഹൈവേ വികസനത്തിനായി കണ്ടത്തിയ നഷ്ടപരിഹാര വനവത്കരണ ഭൂമി വനം വകുപ്പിന്റെ പേരിലേക്ക് റിക്കാർഡുകളിൽ മാറ്റം വരുത്തിയത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന : 1. കേരള റോഡ് ഫണ്ട് ബോർഡിന്റെ 05.04.2022 തിയ്യതിയിലെ 906/forest/PMU-KFFB/2019 നമ്പർ കത്ത്

2. ഈ കാര്യാലയത്തിലെ 31.08.2022 തിയ്യതിയിലെ ഇതേ നമ്പർ കത്ത്

3.മാനന്തവാടി തഹസിൽദാരുടെ 05.02.2024 തിയ്യതിയിലെ TLKMDY/2358/2023-G5 നമ്പർ നടപടി ക്രമം

4. തിരുനെല്ലി വില്ലേജ് ഓഫീസറുടെ 7.05.2024 തിയ്യതിയിലെ നം.109/24 നമ്പർ റിപ്പോർട്ട്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു, മലയോര ഹൈവേ വികസനത്തിന്റെ ഭാഗമായി ബോയിസ് ടൗൺ - അമ്പായത്തോട് റോഡ് പ്രോജക്റ്റിന് വനംവകുപ്പിന്റെ അനുമതി ലഭിക്കുന്നതിനു ആവശ്യമായ നഷ്ടപരിഹാര വനവത്കരണ ഭൂമി ജില്ലയിൽ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സൂചന (1) നിർദ്ദേശ പ്രകാരം വയനാട് ജില്ലയിൽ പ്രോജക്റ്റിന്റെ ഭാഗമായി വരുന്ന 0.0092 ഹെക്ടർ വനഭൂമിക്ക് പകരം മാനന്തവാടി താലൂക്കിൽ തിരുനെല്ലി വില്ലേജിൽ റീ സർവെ 396 ൽ ഉൾപ്പെട്ട 0.0092 ഹെക്ടർ റവന്യൂ ഭൂമി കണ്ടെത്തിയിട്ടുള്ളതും സൂചന 2 പ്രകാരം പ്രസ്തുത ഭൂമിയുടെ ഭൂമിയുടെ ജിയോ കോർഡിനേറ്റ് അടയാളപ്പെടുത്തിയ സ്കെച്ച്, ജിയോ റഫറൻസ്ഡ് ജി ടി ഷീറ്റ്, കെ എം എൽ ഫോർമാറ്റിൽ ഉള്ള ഫയലിന്റെ സോഫ്റ്റ് കോപ്പി

എന്നിവ അങ്ങയുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

സൂചന (3) പ്രകാരം വയനാട് ജില്ലയിൽ മലയോര ഹൈവേ വികസനത്തിന് ആവശ്യമായി വരുന്ന 0.0092 ഹെക്ടർ വനഭൂമിക്ക് പകരമായി മാനന്തവാടി താലൂക്കിൽ തിരുനെല്ലി വില്ലേജിൽ റീ സർവെ നമ്പർ 396 ൽ പെട്ട ഭൂമി സബ് ഡിവിഷൻ ചെയ്ത് വില്ലേജ് റിക്കാർഡുകളിൽ വനം വകുപ്പിന്റെ പേരിലേക്ക് മാറ്റം വരുത്തുന്നതിന് മാനന്തവാടി തഹസിൽദാർ നിർദ്ദേശം നല്കിയിട്ടുള്ളതും , തിരുനെല്ലി വില്ലേജിലെ റീസർവെ 396 നെ പുനർ വിഭജനം ചെയ്ത് 396/1 ൽ പെട്ട 1.0106 ഹെക്ടർ ഭൂമി നിലവിലെ ബി ടി ആർ കക്ഷിയുടെ പേരിൽ നിലനിർത്തിയും, 396/2 ൽ പെട്ട 0.0092 ഹെക്ടർ ഭൂമി വനം വകുപ്പിന്റെ പേരിൽ ചേർത്തും വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തിയിട്ടുള്ളതായി സൂചന (4) പ്രകാരം തിരുനെല്ലി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മേൽ വിവരങ്ങൾ അറിവിലേക്കായും വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായും റിപ്പോർട്ട് ചെയ്യുന്നു.

സ്റ്റേജ് II ക്ലിയറൻസ് ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനായി ഇതു സംബന്ധമായ Mutation Certificate ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Muhammad Rafeeq
Date: 08-05-2024 10:54:51

ഡെപ്യൂട്ടികളക്ടർ(എൽ.ആർ)

ജില്ലാകളക്ടർക്കുവേണ്ടി.

This document is digitally approved by DEPUTY COLLECTOR MUHAMMAD RAFEEQ on 08-05-2024 Hence it does not require signature in ink.

DCWYD/2925/2022-L3

Collectrate ,Wayanad
Dated : 7.5.2024

## MUTATION CERTIFICATE

This is to certify that mutation of revenue land of 0.0092 hectrs comprised in Re Survey no 396/2 of Thirunelly Village , Mananthavady Taluk of Wayanad District has been effected in favour of the forest department in connection with the compensatory afforestation for the project Boys town-Kunjome Hill Highway( Boys Town -Ambayathode Road) and necessary changes in this regard have been made in revenue records .

This certificate is issued to forest department to upload in PARIVESH PORTAL and to get stage II approval .

DISTRICT COLLECTOR
WAYANAD